# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2376 09.03.2018 -ലെ മറുപടി

## പോത്തുണ്ടിയിൽ ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ബാബു | മാത്യു.ടി തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) നെന്മാറ ഗവ. ഐ.ടി.ഐയ്ക്ക് കെട്ടിടം പണിയുന്നതിനും മറ്റുമായി പോത്തുണ്ടിയിൽ ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള രണ്ടര ഏക്കർ സ്ഥലം എന്നാണ് അനുവദിച്ച് നൽകിയത് എന്ന് വിശദമാക്കുമോ; ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ; | (എ) 16/10/2014 ലെ ജലവിഭവ വകുപ്പിന്റെ 4647/ഐആർ1/14/ജവിവ കത്തുപ്രകാരം ജലവിഭവ വകുപ്പിന്റെ സമ്മതം ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം-1-നെ അറിയിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത സ്ഥലം തൊഴിൽ വകുപ്പിന് കൈമാറികൊടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കൈമാറികൊടുക്കാൻ ആവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് വിശദമാക്കുമോ; | (ബി) കൈമാറിയിട്ടില്ല. കൈമാറുന്നതിനു വേണ്ടിയുള്ള നടപടികൾ ചീഫ് എഞ്ചിനീയർ സ്വീകരിച്ചുവരുന്നു. |
| (സി) സ്ഥലം കൈമാറിക്കൊടുക്കുന്നതുമായി ബന്ധപ്പെട്ട് ഇറിഗേഷൻ വകുപ്പിൽ എന്തെല്ലാം നടപടികളാണ് ഇനി പൂർത്തീകരിക്കാനുള്ളത് എന്നും നിലവിൽ ഇതു സംബന്ധിച്ച ഫയലിന്റെ പുരോഗതി എന്താണെന്നും വിശദമാക്കുമോ? | (സി) പോത്തുണ്ടി ഡാമിനോടു ചേർന്നുള്ള ക്യാമ്പ് ഏരിയയിൽ സ്വകാര്യ വ്യക്തികൾ ഭൂമി കയ്യേറിയതായി സംശയിക്കുന്നതിനാലും, ആദിവാസികൾക്ക് ഭൂമി പതിച്ചുനൽകേണ്ട ഒരു പദ്ധതി ഉള്ളതിനാലും, ടി സ്ഥലം അളന്നു തിട്ടപ്പെടുത്തുന്നതിനുവേണ്ടി തഹസിൽദാർ, താലൂക്ക് ഓഫീസ് ചിറ്റൂരിന് കത്തെഴുതിയതിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ റവന്യൂ ഡിവിഷണൽ ഓഫീസറുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ